● കെയർ ചിറ്റാർ പ്രവാസി അസോസിയേഷൻ അജ്മാൻ റാഡിസൺ ബ്ലൂ കോംപ്ലക്സിൽ നടത്തിയ ചിറ്റാറോണം പരിപാടി മന്ത്രി കെ.ബി. ഗണേഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.

വിമാനത്താവളങ്ങളിൽനിന്ന് സെമി സ്ലീപ്പർ ബസുകൾ ഓടിക്കും: മന്ത്രി ഗണേഷ്

അജ്മാൻ: കേരളത്തിലെ വിമാനത്താവളങ്ങളിൽ നിന്ന് പ്രവാസികൾക്ക് ഉപകാരപ്രദമാകുന്ന വിധം കെഎസ്ആർടിസി സെമി സ്ലീപ്പർ ബസുകൾ സർവീസ് നടത്തുമെന്ന് ഗതാഗതമന്ത്രി കെ.ബി.ഗണേഷ് കുമാർ. കെയർ ചിറ്റാർ പ്രവാസി അസോസിയേഷൻ അജ്മാൻ റാഡിസൺ ബ്ലൂ കോംപ്ലക്സിൽ നടത്തിയ ചിറ്റാറോണം പരിപാടി ഉദ്ഘാടനം ചെയ്യുമ്പോഴായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം.

തുടക്കത്തിൽ നെടുമ്പാശേരിയിൽ നിന്ന് കോഴിക്കോട്, കോട്ടയം, തിരുവല്ല ഭാഗത്തേക്ക് സർവീസ് പരീക്ഷണ അടിസ്ഥാനത്തിൽ ആരംഭിക്കും. ഇതിനായി 16 ബസുകൾ ഉടൻ സജ്ജീകരിക്കും.

വാഹനങ്ങളിൽ ബാഗേജുകൾ വയ്ക്കുന്നതിന് കൂടുതൽ സൗകര്യം ഉള്ളതിനാൽ യാത്രക്കാർക്ക് വിമാനത്താവളങ്ങളിൽ നിന്ന് വീട്ടിലേക്കുള്ള യാത്ര സുഗമമാകും. യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ബസുകൾ നിർത്തും. ഇതുമൂലം യാത്രക്കാർക്ക് സാമ്പത്തിക ലാഭവും കെഎസ്ആർടിസിക്ക് നേട്ടവും ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്നു മന്ത്രി പറഞ്ഞു.

അതുപോലെ കെഎസ്ആർടിസി സംസ്ഥാനത്ത് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ എസി സൂപ്പർ ഫാസ്റ്റ് പ്രീമിയം ബസുകൾ സർവീസ് ആരംഭിക്കും. അതിനായി 40 ബസുകൾ ബുക്ക് ചെയ്തു കഴിഞ്ഞു. ഇതിൽ പത്തെണ്ണം അടുത്തയാഴ്ച മുതൽ ഓടിത്തുടങ്ങും.

വൈഫൈ, മൊബൈൽ ചാർജിങ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വാഹനത്തിൽ ഉണ്ടാകും. ദീർഘദൂര ബസുകളിൽ സ്നാക്സ് ഷോപ്പുകൾ പ്രവർത്തനം ആരംഭിക്കും. ഡ്രൈവിങ് ലൈസൻസ് പൂർണമായി ഡിജിറ്റലൈസ് ചെയ്യും. ഒക്ടോബർ രണ്ടു മുതൽ കെഎസ്ആർടിസി ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മാർച്ച് 30 ന് മുമ്പ് എല്ലാ ബസുകളും ബസ് സ്റ്റേഷനുകളും പൂർണമായി മാലിന്യമുക്തമാക്കും. അതിനായി പ്രത്യേകം ഒരു ഹൗസ് കീപ്പിങ് ഓഫീസറെ നിയമിച്ചു കഴിഞ്ഞു.

പ്രസിഡന്റ് നോബിൾ കരോട്ടുപാറ അധ്യക്ഷത വഹിച്ചു. ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് നിസാർ തളങ്കര, സിനിമ നടനും നിർമ്മാതാവുമായ തോമസ് തിരുവല്ല, ഡോ. മനു കുളത്തുങ്കൽ, നൗഷാദ് ഹനീഫ, റെജി തോമസ് എന്നിവർ പ്രസംഗിച്ചു.

ഈ വർഷത്തെ കെയർ പുരസ്കാരങ്ങൾ നിസാർ സയ്ദ്, തങ്കച്ചൻ മണ്ണൂർ, ജോളി ജോർജ് എന്നിവർക്ക് മന്ത്രി സമ്മാനിച്ചു. കഴിഞ്ഞ അധ്യയന വർഷം പ്ലസ് ടു, പത്താം ക്ലാസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ പരിപാടിയിൽ ആദരിച്ചു.

ചിറ്റാർ പഞ്ചായത്തിലെ പ്രവാസികളുടെ കൂട്ടായ്മയാണ് കെയർ ചിറ്റാർ പ്രവാസി അസോസിയേഷൻ.

ബി. ടെക് സ്പോട്ട് അഡ്മിഷൻ ഇന്ന്

അടൂർ: മണക്കാല ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർസയൻസ് ആൻഡ് എഞ്ചിനീയറിംഗ് (ഡേറ്റസയൻസ്), മെക്കാനിക്കൽഎഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിൽ സ്പോട്ട്അഡ്മിഷൻ ഇന്ന് രാവിലെ 11 മുതൽ. കീം 2024 പ്രോസ്പെക്ടസ് അനുസരിച്ചുള്ള യോഗ്യതകൾ അനിവാര്യം. ഫോൺ:9446527757, 9447484345, 8547005100, 9447112179.

തെരുവുനായ ആക്രമണത്തിൽ വ്യാപാരിക്ക് പരുക്ക്

പന്തളം: വ്യാപാരിക്ക് തെരുവുനായയുടെ ആക്രമണത്തിൽ പരുക്കേറ്റു. മങ്ങാരം പടിഞ്ഞാറെ കളീക്കൽ കെ.കെ.നിക്സണാ (69)ണ് പരുക്കേറ്റത്.

ഇന്നലെ രാവിലെ ആറിന് കെഎസ്ആർടിസി സ്റ്റാൻഡിന് മുൻപിൽ റോഡിലാണ് സംഭവം. ചന്തയിലെ വ്യാപാരിയായിരുന്നു നിക്സൺ. കട തുറക്കുന്നതിനായി ചന്തയിലേക്ക് വരുമ്പോഴാണ് നായ ആക്രമിച്ചത്. വലതു കാലിന് സാരമായി പരുക്കേറ്റിരുന്നു. അടൂർ ഗവ. ആശുപത്രിയിലെത്തിച്ചു ചികിത്സ നൽകി.

● സിനിമയിൽ അവസരം വാഗ്ദാനം ചെയ്ത് 10 ലക്ഷം തട്ടി

നടന്റെ പരാതിയിൽ നിർമാതാവിനെ അറസ്റ്റ് ചെയ്തു

തിരുവല്ല: സിനിമയിൽ പ്രതിനായക വേഷം വാഗ്ദാനം ചെയ്ത 10 ലക്ഷം രൂപ തട്ടിയെടുത്തുവെന്ന അധ്യാപകന്റെ പരാതിയിൽ ഒളിവിലായിരുന്ന നിർമ്മാതാവിനെ പോലീസ് അറസ്റ്റ് ചെയ്തു. ഏതാനും മാസം മുമ്പ് റിലീസ് ചെയ്ത തിറയാട്ടം എന്ന സിനിമയിലെ പ്രധാന നടനും നിർമ്മാതാവുമായ ആലപ്പുഴ തുറവൂർ വളമംഗലം നോർത്ത് വടിത്തറ വീട്ടിൽ ജിജോ ഗോപിയാണ് അറസ്റ്റിലായത്. അധ്യാപകനും തിരുവല്ലയിൽ താമസക്കാരനുമായ ഉപ്പുതറ സ്വദേശി ടോജോ ഉപ്പുതറയുടെ പരാതിയിലാണ് അറസ്റ്റ്. സജീവ് കിളികുലമാണ് സിനിമ സംവിധാനം ചെയ്തത്.

● ജിജോ ഗോപി

കണ്ണൂരിലും ചേർത്തലയിലുമായി ഷൂട്ട് ചെയ്ത സിനിമയിൽ ചെറിയ ഒരു വേഷം ചെയ്യുവാൻ വേണ്ടിയാണ് ടോജോ കണ്ണൂർ പിണറായിയിലെ ലൊക്കേഷനിൽ എത്തിയത്. ടോജോയോട് നായക തുല്യമായ പ്രതിനായക വേഷം നൽകാമെന്ന് ജോജോ വാഗ്ദാനം ചെയ്തു.

ഇതിൻ പ്രകാരം ഷൂട്ടിംഗ് പുരോഗമിക്കവേ സാമ്പത്തിക ഞെരുക്കത്തിൽ ആണെന്നും സിനിമ റിലീസായ ശേഷം മടക്കി നൽകാമെന്നും വാഗ്ദാനം ചെയ്തു പലപ്പോഴായി 10 ലക്ഷത്തോളം രൂപ ജിജോ ടിജോയിൽ നിന്നും കൈപ്പറ്റി. തുടർന്ന് പ്രതിനായകൻ എന്ന തരത്തിൽ ആക്ഷൻ രംഗം ഉൾപ്പെടെ ഉള്ള ചിത്രീകരണത്തിനായി ഒരു മാസത്തോളം ടോജോ ലൊക്കേഷനിൽ താമസിച്ചു.

എന്നാൽ സിനിമ റിലീസ് ആയപ്പോഴാണ് തീരെ ശ്രദ്ധിക്കപ്പെടാത്ത ഏതാനും ഷോട്ടുകളിൽ മാത്രമായി തന്റെ കഥാപാത്രം ചുരുങ്ങിയതായി ടിജോ മനസ്സിലാക്കിയത്. സംവിധായകനും താനും ഉൾപ്പെടെയുള്ള ടീം അംഗങ്ങൾ പ്രീ റിലീസിംഗ് വേളയിൽ കണ്ട സിനിമയിൽ കഥാപാത്രത്തിന്റെ പൂർണ്ണരൂപം ഉണ്ടായിരുന്നതായും എന്നാൽ ചിത്രം റിലീസ് ആയപ്പോൾ നിർമ്മാതാവ് തന്റെ കഥാപാത്രം അപ്രസക്തമായ സീനുകളിൽ മാത്രം ഒതുക്കിയതായും ടോജോ പറയുന്നു.

ഇതേ തുടർന്ന് ജോജോയിൽ നിന്നും സംവിധായകൻ ഉൾപ്പെടെയുള്ള ഇടനിലക്കാർ പണം തിരികെ ആവശ്യപ്പെട്ടു വെങ്കിലും പണം ലഭിച്ചില്ല. ഇതേ തുടർന്ന് ടോജോ തിരുവല്ല പോലീസിൽ പരാതി നൽകി. പരാതിയിൽ കാര്യമായ പുരോഗതി ഉണ്ടാകാതിരുന്നതിനെ തുടർന്ന് തിരുവല്ല ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയെ സമീപിച്ചു.

തുടർന്ന് കോടതി നിർദ്ദേശ പ്രകാരം ചേർത്തലയിലെ വാടകവീട്ടിൽ ഒളിവിൽ കഴിഞ്ഞിരുന്ന ജിജോയെ മൊബൈൽ ടവർ ലൊക്കേറ്റ് ചെയ്തു നടത്തിയ അന്വേഷണത്തിൽ അറസ്റ്റ് ചെയ്യുകയായിരുന്നു.

തിരുവല്ല കോടതിയിൽ ഹാജരാക്കിയ പ്രതിയെ ജാമ്യത്തിൽ വിട്ടയച്ചു.

സിനിമാ മോഹവുമായി അലയുന്ന യുവതലമുറ അടക്കം ഉള്ളവർക്ക് തനിക്ക് ഉണ്ടായ ദുരനുഭവം ഉണ്ടാവരുത് എന്നതിന്റെ പേരിലാണ് നിയമ നടപടികളുമായി മുന്നോട്ടു പോയതെന്നും കോടതി മുഖേന പണം തിരികെ ലഭിക്കുമെന്നാണ് പ്രതീക്ഷയെന്നും ടോജോ ഉപ്പുതറ പറഞ്ഞു.

മാലിന്യസംസ്കരണ രംഗത്ത് വിജയ കുതിപ്പുമായി പത്തനംതിട്ട നഗരസഭ

● കൂടുതൽ സൗകര്യങ്ങളോടെ പുതിയ എം.സി.എഫ്.

സ്വപത്തനംതിട്ട: ജൈവ-അജൈവ മാലിന്യ സംസ്കരണ രംഗത്ത് ജില്ലയിലെ ഏറ്റവും മികച്ച പ്രവർത്തനവുമായി മുന്നേറുകയാണ് നഗരസഭ. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കൂടുതൽ ശേഷിയുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ്) കൂടി ആരംഭിച്ചു. മുനിസിപ്പൽ മാർക്കറ്റിൽ സ്ഥാപിച്ച എംസിഎഫ് കേന്ദ്രത്തിന് 2000 ചതുരശ്ര അടി സംഭരണശേഷിയാണുള്ളത്.

● പത്തനംതിട്ട നഗരസഭയുടെ എം.സി.എഫ്.

വെയിങ് മെഷീനുകൾ, സോർട്ടിങ് ടേബിളുകൾ എന്നിവയും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. നഗരത്തിന് ഏറെ വെല്ലുവിളിയായിരുന്ന അജൈവ മാലിന്യ സംസ്കരണ രംഗത്ത് 44 അംഗങ്ങളുള്ള ഹരിതകർമ്മ സേന പ്രവർത്തിക്കുന്നു. മാലിന്യ ശേഖരണത്തിലും തരംതിരിക്കലിനുമായി മൂന്ന് എംസിഎഫുകൾ, ഏഴ് മിനി എംസിഎഫുകൾ എന്നിവയും നഗരത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ജൈവ മാലിന്യ സംസ്കരണ രംഗത്ത് വീടുകൾ മുതൽ ജില്ലാ ഭരണ കേന്ദ്രത്തിൽ വരെ നടപ്പിലാക്കിയ ഉറവിട മാലിന്യ സംസ്കരണത്തിന്റെ വിജയഗാഥയാണ് നഗരത്തിന് പറയാനുള്ളത്. ജില്ലാ കേന്ദ്രത്തിലെ ഓഫീസ് സമുച്ചയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നാല് പോർട്ടബിൾ യൂണിറ്റുകൾ, കിച്ചൺ ബയോ ബിന്നുകൾ, നാലിടങ്ങളിലായി സ്ഥാപിച്ചിരിക്കുന്ന തുമ്പൂർമുഴി എറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ ഉപയോഗിച്ച് ചിട്ടയായ പ്രവർത്തനങ്ങളാണ് നഗരത്തിൽ നടന്നു വരുന്നത്. ഇപ്പോഴത്തെ ഭരണസമിതി ചുമതലയേൽക്കുമ്പോൾ വലിയ വെല്ലുവിളി ഉയർത്തിയിരുന്നത് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടായിരുന്ന 55 മാലിന്യ കൂനകളാണ്.

എന്നാൽ ദീർഘവീക്ഷണത്തോടെ തീരുമാനങ്ങളെടുത്ത് ഇഛാശക്തിയോടെ നടപ്പിലാക്കാൻ ഇറങ്ങിയപ്പോൾ നഗരവാസികളാകെ ഒപ്പം നിൽക്കുന്നു എന്നതാണ് ഈ വിജയത്തിന് കാരണം. ഇനിയും മുന്നോട്ടു പോകാൻ കഴിയുമെന്ന് പ്രതീക്ഷയാണ് ഭരണസമിതിക്ക് ഉള്ളത് എന്നും നഗരസഭ ചെയർമാൻ അഡ്വ.ടി സക്കീർ ഹുസൈൻ പറഞ്ഞു

പുതിയ എംസിഎഫ് നഗരസഭാ ചെയർമാൻ അഡ്വ.ടി സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർമാൻ ജെറി അലക്സ് അദ്ധ്യക്ഷത വഹിച്ചു. വൈസ് ചെയർപേഴ്സൺ ആമിന ഹൈദരാലി മുഖ്യ പ്രഭാഷണം നടത്തി. കൗൺസിലർ കെ. ജാസിം കുട്ടി മാലിന്യമുക്തം നവകേരളം പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ക്ലീൻ സിറ്റി മാനേജർ വിനോദ്, ജില്ലാ ആസൂത്രണ സമിതി അംഗം പി കെ അനീഷ്, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ സന്തോഷ് കുമാർ എം എസ്, അനിന, ഹരിതകർമ്മസേന കൺസോർഷ്യം പ്രസിഡന്റ് ഷീന, സെക്രട്ടറി ബിന്ദു എന്നിവർ സംബന്ധിച്ചു.

പന്തളം- മാവേലിക്കര റോഡിൽ ഗതാഗതക്കുരുക്ക്, മരണക്കെണി

പന്തളം: പന്തളം-മാവേലിക്കര റോഡ് ഗതാഗത കുരുക്ക് കാരണം മരണക്കെണിയാകുന്നു. ഇന്നലെ സ്കൂട്ടർ യാത്രക്കാരി ടോറസ് ലോറി കയറി മരിച്ചതാണ് അവസാന സംഭവം.

കിരുകുഴി കുരിക്കാട്ടിൽ ലാലി ജോയിയാണ് കെ.എസ്.എഫ്. ഇ ശാഖയിൽ നിന്ന് റോഡിലേക്ക് ഇറങ്ങുമ്പോൾ ടോറസ് ലോറി കയറി മരിച്ചത്. ഈ റോഡിൽ യാതൊരു വിധ ട്രാഫിക് നിയന്ത്രണവുമില്ല.

ഏറ്റവും കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന റോഡാണിത്. നഗരസഭ, സ്വകാര്യ ബസ് സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി, മാർക്കറ്റ്, ബാങ്കുകൾ, ട്രഷറി അടക്കം വിവിധ സർക്കാർ ഓഫീസുകൾ എന്നിവ ഈ റോഡിന്റെ പാർശ്വങ്ങളിലായി നിലകൊള്ളുന്നു. കെ.എസ്.ആർ.ടി.സി, സ്വകാര്യ ബസുകൾ എന്നിവയ്ക്ക് ടൗണിനോട് ചേർന്ന ഈ ഭാഗത്ത് ആണ് സ്റ്റോപ്പ്. അശാസ്ത്രീയമായി പണിതുയർത്തിയ ഓട, ഇതിന്റെ

സ്ലാബില്ലാത്ത ഭാഗങ്ങൾ, കടകളുടെ ബോർഡുകൾ, സാധനങ്ങൾ ഓടയ്ക്ക് മീതേയും, റോഡിലും നിലയുറപ്പിച്ചിരിക്കുന്നു.

നോ പാർക്കിങ് എന്ന ബോർഡിന് കീഴിലാണ് വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുന്നത്.

രാവിലെ കൊണ്ട് വയ്ക്കുന്ന ടൂവീലറുകൾ രാത്രി ഏറെ വൈകിയും ഇവിടെ കാണാം. ഗതാഗത നിയമലംഘനം തടയാൻ പോലീസോ മോട്ടോർ വാഹന വകുപ്പോൾ ശ്രമിക്കുന്നില്ല. അപകടത്തിൽപ്പെടുന്നത് ഏറെയും കാൽനട യാത്രക്കാരും ഈ ചക്രവാഹനക്കാരുമാണ്.

വലിയ ലോഡ് കയറ്റി പായുന്ന ടോറസ് ലോറികൾക്ക് എണ്ണമോ നിയന്ത്രണമോ ഇല്ല.

വീടുകയറി ആക്രമണം: യുവാവ് അറസ്റ്റിൽ

അടൂർ: പണയത്തിന് വാഹനം മറിച്ചു പണയം വയ്ക്കുകയും വീടു കയറി ആക്രമിക്കുകയും ചെയ്ത കേസുകളിൽ യുവാവ് അറസ്റ്റിൽ. തെങ്ങുംതാര ബിനു ഭവനിൽ നന്ദു കൃഷ്ണ(24)നെയാണ് അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരേ വാഹനം മറിച്ചു പണയം വച്ചിതിന് പരാതികൾ നിലവിലുണ്ട്. അവസാനം എടുത്ത രണ്ടു കേസുകളിലാണ് അറസ്റ്റ്.

● നന്ദു കൃഷ്ണൻ

കഴിഞ്ഞ മാസം 14 ന് മേലൂട് മേലേതിൽ കരിന്തേനൂർ വീട്ടിൽ റൂബിൻ തോമസിനെയും കമ്പിവടി കൊണ്ട് മർദിച്ച കേസിൽ നന്ദു പ്രതിയാണ്. കാർ വില്പനയ്ക്കുണ്ടെന്ന് പറഞ്ഞ് ഓൺലൈനിൽ പരസ്യം നല്കി പണം വാങ്ങി കബളിപ്പിച്ചെന്ന പരാതിയിലും നന്ദു പ്രതിയാണ്. ഓൺലൈൻ വഴി കാർ വില്പനയ്ക്കെന്ന പരസ്യം നല്കി 65,000 രൂപ വാങ്ങുകയും വാഹനം നല്കാതെ പറ്റിക്കുകയുമായിരുന്നു. ഡിവൈ.എസ്.പി ജി. സന്തോഷ് കുമാറിന്റെ നിർദേശപ്രകാരം എസ്.എച്ച്.ഓ ശ്യാം മുരളിയുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതി ജാമ്യം അനുവദിച്ചു.

ഡ്രൈവർ കം അറ്റൻഡർ നിയമനം

പത്തനംതിട്ട: മോട്ടർ വാഹന വകുപ്പിന്റെ റോഡ് സുരക്ഷാ പദ്ധതിയായ സേഫ് സോൺ പ്രോജക്ടിന്റെ ഭാഗമായി താൽക്കാലിക ഡ്രൈവർ കം അറ്റൻഡറാകാൻ അവസരം.

ഡ്രൈവിങ് ലൈസൻസിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്, പാസ്പോർട്ട്സൈസ് ഫോട്ടോ, പോലീസ് ക്ലിയറൻസ് റിപ്പോർട്ട് എന്നിവ സഹിതം നിശ്ചിതമാതൃകയിൽ പത്തനംതിട്ട ആർ.ടി.ഒ ക്ക് 19 ന് മുമ്പ് അപേക്ഷ സമർപ്പിക്കണം.

എൽ.എം.വി ലൈസൻസ് എടുത്ത് അഞ്ചുവർഷം പ്രവർത്തി പരിചയമുള്ളവരെ മാത്രമെ പരിഗണിക്കൂ.

പ്രായോഗികപരീക്ഷ നടത്തും. സേവന തൽപരരായി ജോലി ചെയ്യാൻ സന്നദ്ധരായിരിക്കണം. മണ്ഡല മകരവിളക്ക് കാലത്തേക്കാണ് നിയമനം.

സംഘാടകസമിതി യോഗം

പത്തനംതിട്ട: ജില്ലാ ശിശുക്ഷേമസമിതിയുടെ ആഭിമുഖ്യത്തിലുള്ള ശിശുദിനാഘോഷത്തിന്റെ ആലോചനായോഗം നാളെ മുന്നിന് കലക്ടറേറ്റിലെ പമ്പ കോൺഫറൻസ് ഹാളിൽ യോഗം ചേരും.

ക്രിമിനൽ കേസ് പ്രതി 1.20 കിലോ കഞ്ചാവുമായി പിടിയിൽ

മല്ലപ്പള്ളി: തെള്ളിയൂരിൽ 1.2 കി.ഗ്രാം കഞ്ചാവുമായി ഒട്ടനവധി ക്രിമിനൽ കേസുകളിലെ പ്രതിയായ യുവാവിനെ എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. തെള്ളിയൂർ പരിയാരത്ത് മലയിൽ വിജയ ഭവനിൽ ഓ.കെ അനു(40) ആണ് പിടിയിലായത്. എക്സൈസ് സംഘത്തിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ചൊവ്വാഴ്ച ഉച്ചയോടെ വീട്ടിൽ നിന്നുമാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

● അനു

വീട്ടിലെ മുറിയിൽ വലിയ പൊതിയാക്കി സൂക്ഷിച്ചിരുന്ന കഞ്ചാവ് കണ്ടെടുത്തു.

മല്ലപ്പള്ളി എക്സൈസ് ഇൻസ്പെക്ടർ ബി. അനു ബാബുവിന്റെ നേതൃത്വത്തിൽ പ്രിവന്റീവ് ഓഫീസർ സുശീൽ കുമാർ, സിവിൽ എക്സൈസ് ഓഫീസർമാരായ എം.സി. അനന്തു, അഭിജിത് ചന്ദ്രൻ, ഭാഗ്യലക്ഷ്മി , ഡ്രൈവർ മധു എന്നിവർ അടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

അംഗൻവാടി വർക്കർ/ ഹെൽപ്പർ അഭിമുഖം

കുളനട: ഗ്രാമപഞ്ചായത്തിലെ അംഗൻവാടി വർക്കർ/ഹെൽപ്പർ തസ്തികയിലെ സ്ഥിരംഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 14 മുതൽ 17 വരെ പന്തളം ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന പന്തളം2 ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിലാണ് അഭിമുഖം. അറിയിപ്പ് ലഭിച്ചിട്ടില്ലാത്തവർ 11 ന് മുമ്പ് 04734 292620 എന്ന നമ്പരിൽ വിളിക്കണം.

പുല്ലാട് വിദ്യാഭ്യാസ ഉപജില്ലാ സ്കൂൾ കായിക മേള

പുല്ലാട്: വിദ്യാഭ്യാസ ഉപജില്ല സ്കൂൾ കായിക മേള ഇന്നു മുതൽ 10 വരെ ഇരവിപേരൂർ സെന്റ് ജോൺസ് സ്കൂൾ ഗ്രൗണ്ടിൽ നടക്കും.

ഇന്ന് രാവിലെ 10ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ബി. ശശിധരൻ പിള്ള ഉദ്ഘാടനം ചെയ്യും. പുല്ലാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സി. വി. സജീവ് അദ്ധ്യക്ഷത വഹിക്കും. സന്തോഷ് ട്രോഫി കേരള ടീമിന്റെ മുൻ പരിശീലകൻ രഞ്ജി കെ. ജേക്കബ് മുഖ്യാതിഥിയായി പങ്കെടുക്കും.

B-1656/23 Dated. 20/09/2024

1961 ലെ കേരളാ സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)ാം വകുപ്പ് പ്രകാരമുള്ള പരസ്യം

താഴെപറയുന്ന താലൂക്കിലെ താഴെപറയുന്ന വില്ലേജിലെ താഴെപറയുന്ന സർവ്വെ നമ്പരുകളിൽപ്പെടുന്ന ഭൂമിയുടെ സർവ്വെ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നതിനാൽ താഴെപറയുന്ന വില്ലേജിലെ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും താഴെപറയുന്ന വില്ലേജിലെ സർവ്വെ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961-ലെ കേരളാ സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ് പ്രകാരം ഇതിനായി പരസ്യം ചെയ്യുന്നു. താഴെപറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതിചെയ്യുന്ന രജിസ്റ്റർ ചെയ്തു ഭൂമിയുടെ അവകാശം ഉണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ എജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ച് കൊടുക്കുന്നതിനും അതിനോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) വകുപ് പ്രകാരം ഈ പരസ്യം താഴെപറയുന്ന ഭൂമികളിൽ അവകാശ ബന്ധമുള്ള കണക്കാക്കപ്പെടുന്നതാണ്. ഏതൊരാൾക്കും സാധുവായ നോട്ടീസായി പ്രസ്തുത ആക്ടിലെ 6(3) വകുപ് പ്രകാരം രജിസ്റ്റർ ചെയ്തു എല്ലാ കൈവശക്കാരും

എ) സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാവരത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും

ബി) കൊടി പിടിക്കുന്നവരെയും ചെയിന്മാൻമാരെയും നിയോഗിച്ച് അതത് സമയം ആവശ്യമായേക്കാവുന്ന ഏർപ്പെടുത്തണമെന്നും സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപകാരമുണ്ടാക്കിയിട്ടുള്ള ആവശ്യപ്പെട്ടേക്കാവുന്ന ആവശ്യപ്പെടുന്നു. ചട്ടങ്ങളോ അനുസരിച്ച് സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്നും ഇതിനാൽ

മേൽപറഞ്ഞ എ) മുതൽ സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള അദ്ദർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിപിക്കുന്നതും ആയതിന്റെ ചെലവ് ആകിലും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കേണ്ടതാണ്.

സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ) പത്തനംതിട്ട

പട്ടിക

ജില്ല - പത്തനംതിട്ട, താലൂക്ക് – മല്ലപ്പള്ളി, വില്ലേജ് - 1,) കല്ലൂപ്പാറ, ബ്ലോക്ക് - 18

സർവ്വെ നമ്പർ -370 (pt), 359 (pt), 2) പുറമറ്റം, ബ്ലോക്ക് - 19/11, സർവ്വെ നമ്പർ - 25 (pt), ആകെ വിസ്തീർണ്ണം - ഏകദേശം 6.5

സ്പെഷ്യൽ തഹസിൽദാർ (എൽ.എ ജനറൽ), പത്തനംതിട്ട

RO No. D3/607/2024/I&PRD

SHIVALIK SMALL FINANCE BANK LTD.
Registered Office : 501, Salcon Aurum, Jasola District Centre, New Delhi - 110025
CIN : U65900DL2020PLC366027

ലേല അറിയിപ്പ്

ശിവാലിക് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ താഴെപ്പറയുന്ന വായ്പക്കാർ ബാങ്ക് നൽകിയ വ്യക്തിഗത നോട്ടീസുകൾ ഉൾപ്പെടെ വിവിധ അറിയിപ്പുകൾ നൽകിയിട്ടും ബാങ്കിൽ നിന്ന് ലഭിച്ച സ്വർണ്ണ വായ്പ/കൾ അവർ തിരിച്ചടച്ചിട്ടില്ലെന്ന് ഇതിനാൽ അറിയിക്കുന്നു. ആയതിനാൽ ബാങ്കിൽ സെക്യൂരിറ്റിയായി സൂക്ഷിച്ചിരിക്കുന്ന സ